**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2929** **14-09-2023 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലയിലെ രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോട്ടയം ജില്ലയിലെ രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോട്ടയം ജില്ലയിലെ കുറവിലങ്ങാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പതിനഞ്ച് ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ 19/06/2023 തീയതിയിൽ പൂർത്തികരിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കോട്ടയം രജിസ്ട്രേഷൻ കോംപ്ലക്സിന്റെ പ്രവർത്തനോദ്ഘാടനം 2022 മെയ് മാസം 25-ാം തീയതിയിലും, കോട്ടയം ജില്ലയിലെ കടുത്തുരുത്തി സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനോദ്ഘാടനം 2023 മെയ് മാസം 16-ാം തീയതിയിലും നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഏതെല്ലാം ഓഫീസുകൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | കോട്ടയം ജില്ലയിലെ രജിസ്ട്രേഷൻ ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഫണ്ട് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ